പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3428 — 19.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സിയുടെ ഫാസ്റ്റ്പാസഞ്ചർ ബസ്സുകൾ

**ചോദ്യം** — ശ്രീ.ഷാഫി പറമ്പിൽ

**മറുപടി** — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയുടെ ഫാസ്റ്റ്പാസഞ്ചർ ബസ്സുകൾ രണ്ടിൽ കൂടുതൽ ജില്ലകളെ ബന്ധിപ്പിച്ച് ഓടിക്കേണ്ടതില്ലായെന്ന് തീരുമാനം എടുത്തതിനുള്ള സാഹചര്യമെന്താണ് എന്നറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഉപയോഗിച്ച് നടത്തുന്ന ചെയിൻ സർവ്വീസുകൾ പ്രധാന ബസ് ഡിപ്പോകളെ ബന്ധിപ്പിച്ച് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ കൃത്യമായ ഇടവേളകളിൽ സമയക്രമം പാലിച്ച് സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിരുന്നെങ്കിലും ബസ്സുകളുടേയും, ജീവനക്കാരുടേയും പുനർവിന്യാസം സംബന്ധിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ താൽക്കാലികമായി പ്രസ്തുത തീരുമാനം നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച് കെ.എസ്.ആർ.ടി.സി ഓപ്പറേഷൻ വിഭാഗം മേധാവി ഉത്തരവ് ഇറക്കുന്നതിന് മുമ്പ് ഡിപ്പോ മേധാവികളുടെ യോഗം വിളിച്ച് പ്രായോഗികത വിലയിരുത്തിയിരുന്നോ; | (ബി) യും (സി) യും | വിലയിരുത്തിയിട്ടുണ്ട്. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം മുഴുവൻ റൂട്ടുകളിലും ലഭ്യമാക്കുന്നതിനാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി.യുടെ എല്ലാ യൂണിറ്റ് ആഫീസർമാരുടേയും, മേഖലാ അധികാരികളുടേയും യോഗം വിളിച്ച് പ്രായോഗികത വിശകലനം ചെയ്തിട്ടുണ്ട്. |
| (സി) | ജില്ലാ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് യാത്രാക്ലേശം കൂട്ടുമെന്നതിനാൽ ഇക്കാര്യം നടപ്പിലാക്കുന്നതിന് മുമ്പ് വിശദമായ പഠനവും വിലയിരുത്തലും നടത്തുമോ എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**